LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് നഗരാതിർത്തിയിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ്

7 (392) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരാതിർത്തിയിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ് നടത്തുവാനുള്ള ചുമതല നിക്ഷിപ്തമായിരിക്കുന്നത് കോർപ്പറേഷനിലാണോ ഇലക്ട്രിസിറ്റി ബോർഡിലാണോ; വിശദമാക്കാമോ;

(ബി) കോർപ്പറേഷൻ അതിർത്തിയിൽ നിലവിൽ എത്ര സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്; ഹൈമാസ്റ്റുകൾ എത്ര;

(സി) പ്രതിവർഷം ശരാശരി എത്ര യുക വൈദ്യുതി ചാർജ്, ബൾബ്/ട്യൂബുകൾ തുടങ്ങിയ ഇനത്തിൽ ചെലവ് വരുന്നുണ്ട്;

(ഡി) മെയിന്റനൻസ് സംബന്ധമായി ബോർഡും കോർപ്പറേഷനും തമ്മിൽ എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014, റഗുലേഷൻ 102(4) പ്രകാരം തെരുവുവിളക്കുകളുടെ പരിപാലനം അതാത് പ്രദേശിക ഭരണകൂടത്തിൽ നിക്ഷിപ്തമാണ്. എന്നാൽ കോഴിക്കോട് കോർപ്പറേഷനിൽ തെരുവുവിളക്കുകളുടെ മീറ്ററിംഗ് സംവിധാനം ആരംഭിക്കാനാവാത്ത സാഹചര്യത്തിൽ കോർപ്പറേഷൻ മേയറുടെ അഭ്യർത്ഥനമാനിച്ച് ട്യൂബ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾ ലേബർ ചാർജ് ഈടാക്കി കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തി വരുന്നു.

(ബി) 25589 എണ്ണം. ഹൈമാസ്റ്റ് ലൈറ്റുകൾ - 28 എണ്ണം.

(സി) കറണ്ട് ചാർജ് ഇനത്തിൽ മാത്രം പ്രതിവർഷം 3,47,58,196 രൂപ ബില്ലിംഗ് ചെയ്യുവരുന്നു. ബൾബ്/ട്യൂബുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ കോഴിക്കോട് കോർപ്പറേഷനിൽ നിന്നും ശേഖരിച്ചുവരുന്നു.

(ഡി) കോർപ്പറേഷൻ മേയറുടെ അഭ്യർത്ഥന പ്രകാരം വർക്ക് ഡെപ്പോസിറ്റ് സ്കീമിൽ യുക അടയ്ക്കുന്നതിനനുസരിച്ചാണ് സിംഗിൾ ട്യൂബുകളുടേയും ഡബിൾ ട്യൂബുകളുടേയും അറ്റകുറ്റപ്പണികൾ കോർപ്പറേഷൻ സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിനനുസരിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെയ്തു വരുന്നത്.